# പതിമൂന്നാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **10-06-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 597**

## കെ.എസ്.ഐ.ഡി.സി ബിസിനസ്സ് സംഗമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പാലോട് രവി<br>ശ്രീ. എ.റ്റി. ജോർജ്ജ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കെ.എസ്.ഐ.ഡി.സി ബിസിനസ്സ് സംഗമം സംഘടിപ്പിക്കുകയുണ്ടായോ; വിശദമാക്കുമോ; | (എ) എമർജിങ്ങ് കേരള 2012ന്റെ തുടർച്ചയായി 2013 ജൂലായ് 26 ാം തീയതി കൊച്ചിയിൽ വച്ച് പെട്രോകെമിക്കൽ മേഖലയിൽ ഒരു ബിസിനസ്സ് സംഗമം നടത്തുകയുണ്ടായി |
| (ബി) എങ്കിൽ പ്രസ്തുത സംഗമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) ബി.പി.സി.എൽ കൊച്ചി റിഫൈനറി യുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുന്നതിലൂടെ സംജാതമാകുന്ന പെട്രോകെമിക്കൽ മേഖലയിൽ ഉള്ള വ്യവസായ സാധ്യതകൾ വിശദമാക്കുന്നതിനു വേണ്ടിയാണ് പ്രസ്തുത ബിസിനസ് സംഗമം നടത്തിയത്. |
| (സി) പെട്രോ കെമിക്കൽ വ്യവസായ രംഗത്ത് മുതൽമുടക്ക്, തൊഴിൽ സാധ്യത എന്നിവയുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങൾ പ്രസ്തുത സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടുവെന്ന് വിശദമാക്കുമോ; | (സി) ബി.പി.സി.എൽ ന്റെ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിലൂടെ ലഭ്യമാകുന്ന 5 ലക്ഷം ടൺ (വാർഷികം) പ്രൊപ്പിലീനും, 75000 ടൺ (വാർഷികം) എത്തിലീനും ഉപയോഗിച്ച് Glacial Acrylic Acid, Acrylates, Super Absorbant Polymer, N-Butanol/2 Ethyl Hexanol, Neo Pentyl Glycol, Phenol, Acetone, Propylene Oxide എന്നിവ ഉല്പാദിപ്പിക്കാവുന്നതാണ്. ഇവയിൽ നിന്നും വീണ്ടും താഴെക്കിടയിലേയ്ക്കുള്ള ഉൽപ്പന്നങ്ങളായി Water Treatment Chemicals, Tackyfier, Paper coating, Paints, Inks, Aherines, Impact Modifier, Diapers, Sanitary Products, Plasticizers, Detergents, Paints and inks, powder coating resins, polyols, Resins, Pharmaceuticals, എന്നിവ ഉല്പാദിപ്പിക്കാ |

വുന്നതാണ്. ഓരോ പദ്ധതിയ്ക്കും വേണ്ടിവന്നേക്കാവുന്ന മുതൽമുടക്ക്, ടെക്നോളജി, സാങ്കേതിക ലഭ്യത എന്നിവയും വിശദമായി ചർച്ച ചെയ്യുകയുണ്ടായി.

**(ഡി)** പ്രസ്തുത ബിസിനസ്സ് സംഗമത്തിൻ മേൽ എന്തെല്ലാം തുടർ നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

**(ഡി)** ഈ ബിസിനസ് സംഗമത്തെ തുടർന്ന് പെട്രോകെമിക്കൽ രംഗത്ത് താഴെ പറയുന്ന ഏഴ് വ്യവസായ സംരംഭകർ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ആവശ്യപ്പെട്ട് പദ്ധതികളുമായി കെ.എസ്.ഐ.ഡി.സി.യെ സമീപിക്കുകയുണ്ടായി. ഇതിലേയ്ക്കായി കൊച്ചി റിഫൈനറിക്ക് സമീപത്തായി പെട്രോ കെമിക്കൽ മേഖലയിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി തുടർ നടപടികൾ കെ.എസ്.ഐ.ഡി.സി സ്വീകരിച്ചിട്ടുണ്ട്.

1. ദീപക് നൈട്രേറ്റ്സ് ലിമിറ്റഡ്, ഗുജറാത്ത്
2. കോത്താരി പെട്രോകെമിക്കൽസ് ലിമിറ്റഡ്, ചെന്നൈ
3. മണലി പെട്രോകെമിക്കൽസ് ലിമിറ്റഡ്, ചെന്നൈ
4. വിനതി ഓർഗാനിക് ലിമിറ്റഡ്, മുംബൈ
5. ഡങ്കൺ ഗോയങ്കാ ഗ്രൂപ്പ്, കൊൽക്കത്ത
6. ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ്, കൊച്ചി
7. മറീന പെട്രോകെമിക്കൽസ് ലിമിറ്റഡ്, കൊച്ചി.

സെക്ഷൻ ഓഫീസർ